പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5221

23-05-2017 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ വഴി കർഷകർക്ക് നൽകുന്ന സേവനങ്ങൾ

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ശ്രീ.എ.പി. അനിൽ കുമാർ

ശ്രീ.റോജി എം. ജോൺ

ശ്രീ.കെ.മുരളീധരൻ

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ച വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;<br><br>ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | (എ) യും (ബി) യും | ഉണ്ട്. സംസ്ഥാന ആവിഷ്കൃത പദ്ധതിയായ അഗ്രോ സർവ്വീസ് & സർവ്വീസ് ഡെലിവറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 64 ബ്ലോക്കുകളിൽ കാർഷിക സേവന കേന്ദ്രങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 2016-17 വർഷം അനുവദിച്ച 20 അഗ്രോ സർവ്വീസ് സെന്ററുകളിൽ 13 എണ്ണം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.<br><br>കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും, തൊഴിൽ രഹിത യുവതി-യുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും, കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച പരിശീലനം നൽകി, സെന്റർ നിശ്ചയിക്കുന്ന നിരക്കിൽ വിവിധ കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് നൽകുകയും കാർഷിക പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്തു കൊടുക്കുകയും ചെയ്തുവരുന്നു. |

| | | |
|---|---|---|
| | | കാർഷിക മേഖല നേരിടുന്ന കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നത്. ഇവയുടെ പ്രവർത്തനത്തിലൂടെ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടുന്നതിന് സാധിച്ചിട്ടുണ്ട്. |
| സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെന്ററുകൾ കർഷകർക്ക് നൽകുന്നത് ; | (സി) | അഗ്രോ സർവ്വീസ് സെന്ററുകൾ വഴി യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുക, കർഷകർക്ക് കാർഷിക യന്ത്രങ്ങളുടേയും, കർഷക തൊഴിലാളികളുടേയും ലഭ്യതയും സേവനവും ഉറപ്പുവരുത്തി തരിശ് ഭൂമി കൃഷിയോഗ്യമാക്കുക, കർഷകർക്ക് ആവശ്യമായ മറ്റ് കാർഷിക സേവനങ്ങൾ, ജൈവ ഉൽപാദനോപാധികൾ (തൈകൾ,ജൈവവളം/കീടനാശിനി മുതലായവ) ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക എന്നിങ്ങനെയുള്ള സേവനങ്ങൾ ലഭ്യമാക്കിവരുന്നു. |
| ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സെന്ററുകൾ സ്ഥാപിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) | സംസ്ഥാനത്ത് 14 ജില്ലകളിലായി 64 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2016-17 വർഷം അനുവദിച്ച 20 അഗ്രോ സർവ്വീസ് സെന്ററുകളിൽ 13 എണ്ണം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഇ) | 2016-17 വർഷം അനുവദിച്ച 20 അഗ്രോ സർവ്വീസ് സെന്ററുകളിൽ 13 എണ്ണം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. |

Sabhali

സെക്ഷൻ ഓഫീസർ

അനുബന്ധം I

# അഗ്രോ സർവ്വീസ് സെന്ററുകൾ 2012-13 ലിസ്റ്റ്

| ജില്ല | നിയമസഭാ മണ്ഡലം | ബ്ലോക്ക് | കൃഷിഭവൻ |
|---|---|---|---|
| തിരുവനന്തപുരം | 1. നെടുമങ്ങാട് | കഴക്കൂട്ടം | അണ്ടൂർക്കോണം |
| | 2. പാറശ്ശാല (മോഡൽ) | പാറശ്ശാല | ചെങ്കൽ |
| കൊല്ലം | 3. പത്തനാപുരം (മോഡൽ) | പത്തനാപുരം | പിറവന്തൂർ |
| | 4. ചടയമംഗലം | ചടയമംഗലം | കമ്മിൾ |
| പത്തനംതിട്ട | 5. റാന്നി | റാന്നി | വെച്ചൂച്ചിറ |
| | 6. കോന്നി (മോഡൽ) | കോന്നി | പ്രമാടം |
| ആലപ്പുഴ | 7. കായംകുളം | കായംകുളം | പത്തിയൂർ |
| | 8. ചെങ്ങന്നൂർ (മോഡൽ) | ചെങ്ങന്നൂർ | പുലിയൂർ |
| കോട്ടയം | 9. കോട്ടയം (മോഡൽ) | പള്ളം | പനച്ചിക്കാട് |
| | 10. കടുത്തുരുത്തി | ഉഴവൂർ | മാഞ്ഞൂർ |
| ഇടുക്കി | 11. തൊടുപുഴ | തൊടുപുഴ | കരിക്കുന്നം |
| | 12. ഇടുക്കി (മോഡൽ) | ഇടുക്കി | മരിയാപുരം |
| എറണാകുളം | 13. കോതമംഗലം | കോതമംഗലം | കാവലങ്ങാട് |
| | 14. പിറവം (മോഡൽ) | പാമ്പാക്കട ബ്ലോക്ക് (പിറവം എ.ഡി.എ) | തിരുമാറാടി |
| | 15. കളമശേരി | ആലങ്ങാട് (ആലുവ എ.ഡി.എ) | കരുമാല്ലൂർ |
| തൃശ്ശൂർ | 16. ചേലക്കര | പഴയന്നൂർ | പാഞ്ഞാൾ |
| | 17. ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട | പുറത്തുശ്ശേരി |
| | 18. വടക്കാഞ്ചേരി (മോഡൽ) | വടക്കാഞ്ചേരി | തേക്കുംകര |
| പാലക്കാട് | 19. മലമ്പുഴ | മലമ്പുഴ | പുതുപരിയാരം |
| | 20. പട്ടാമ്പി (മോഡൽ) | പട്ടാമ്പി | പട്ടാമ്പി |

| | | | |
|---|---|---|---|
| മലപ്പുറം | 21. പെരിന്തൽമണ്ണ | പെരിന്തൽമണ്ണ | അങ്ങാടിപ്പുറം |
| | 22. കോട്ടക്കൽ (മോഡൽ) | കുറ്റിപ്പുറം | മാറാക്കര |
| | 23. പൊന്നാനി | പെരുമ്പടപ്പ് | ആലംകോട് |
| കോഴിക്കോട് | 24. പേരാമ്പ്ര (മോഡൽ) | പേരാമ്പ്ര | ചെറുവണ്ണൂർ |
| | 25. കൊയിലാണ്ടി | മേലടി | തിക്കോടി |
| | 26. നാദാപുരം | കുന്നുമ്മൽ | കാവിലുമ്പാറ |
| | 27. തിരുവമ്പാടി | കൊടുവള്ളി | തിരുവമ്പാടി |
| വയനാട് | 28. കൽപ്പറ്റ (മോഡൽ) | കൽപ്പറ്റ | മുട്ടിൽ |
| | 29. മാനന്തവാടി | മാനന്തവാടി | മാനന്തവാടി |
| | 30. സുൽത്താൻബത്തേരി | അമ്പലവയൽ | അമ്പലവയൽ |
| കണ്ണൂര് | 31. കൂത്തുപറമ്പ് | കൂത്തുപറമ്പ് | പാട്യം |
| | 32. ഇരിക്കൂർ (മോഡൽ) | ഇരിക്കൂർ | ശ്രീകണ്ഠാപുരം |
| | 33. പയ്യന്നൂർ | പയ്യന്നൂർ | കാങ്കോൽ |
| കാസര്ഗോഡ് | 34. തൃക്കരിപ്പൂർ | നീലേശ്വരം | നീലേശ്വരം |
| | 35. മഞ്ചേശ്വരം (മോഡൽ) | മഞ്ചേശ്വരം | വോർക്കാടി |

Sabhah
സെക്ഷൻ ഓഫീസർ

അനുബന്ധം II

# അഗ്രോ സർവ്വീസ് സെന്ററുകൾ 2014-15 ലിസ്റ്റ്

| നം. | ജില്ല | നിയമസഭാ മണ്ഡലം | ബ്ലോക്ക് | കൃഷിഭവൻ |
|---|---|---|---|---|
| 1 | കൊല്ലം | ചാത്തന്നൂർ | ചാത്തന്നൂർ | ചാത്തന്നൂർ |
| 2 | കോട്ടയം | കടുത്തുരുത്തി | കടുത്തുരുത്തി | കടുത്തുരുത്തി |
| 3 | ഇടുക്കി | അടിമാലി | അടിമാലി | കൊന്നത്തടി |
| 4 | ആലപ്പുഴ | ആലപ്പുഴ മാരാരിക്കുളംblock പഞ്ചായത്ത് | കഞ്ഞിക്കുഴി | കഞ്ഞിക്കുഴി |
| 5 | എറണാകുളം | മൂവാറ്റുപുഴ | മൂവാറ്റുപുഴ | മാഞ്ഞല്ലൂർ |
| 6 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | മാള | മാള |
| 7 | പത്തനംതിട്ട | അടൂർ | പറക്കോട് | പെരിങ്ങര |
| 8 | കോഴിക്കോട് | പേരാമ്പ്ര | കൊയിലാണ്ടി | അരിക്കുളം |
| 9 | വയനാട് | കൽപ്പറ്റ | പനമരം | കണിയാംപറ്റ |
| 10 | കണ്ണൂർ | കല്യാശേരി | കല്യാശേരി | ഏഴോം |
| 11 | | തളിപ്പറമ്പ് | തളിപ്പറമ്പ് മുനിസിപ്പാലിറ്റി | ആന്തൂർ |
| 12 | | തലശേരി | തലശേരി | പിണറായി |
| 13 | | കണ്ണൂർ | എടക്കാട് | മുണ്ടേരി |
| 14 | കാസർഗോഡ് | ഉദുമ | കാഞ്ഞങ്ങാട് | പുല്ലൂർ-പെരിയ |

സെക്ഷൻ ഓഫീസർ

അനുബന്ധം III

# അഗ്രോ സർവ്വീസ് സെന്ററുകൾ 2015-16 ലിസ്റ്റ്

| ജില്ല | നിയമസഭാ മണ്ഡലം | ബ്ലോക്ക് | കൃഷിഭവൻ | |
|---|---|---|---|---|
| ഇടുക്കി | (1) ഉടുമ്പൻചോല | നെടുങ്കണ്ടം | രാജാക്കാട് | |
| ആലപ്പുഴ | (2) അരൂർ | കുത്തിയതോട് | കുത്തിയതോട് | |
| | (3) കുട്ടനാട് | ചമ്പക്കുളം | ചമ്പക്കുളം | |
| തൃശ്ശൂര് | (4) ചാലക്കുടി | ചാലക്കുടി | കോടശ്ശേരി | |
| | (5) മണലൂർ | ചൊവ്വന്നൂർ | കണ്ടാണിശ്ശേരി | |
| | (6) പുതുക്കാട് | കൊടകര | മറ്റത്തൂർ | |
| | (7) കയ്പമംഗലം | മതിലകം | മതിലകം | |
| എറണാകുളം | (8) അങ്കമാലി | അങ്കമാലി | മഞ്ഞപ്ര | |
| കൊല്ലം | (9) കൊട്ടാരക്കര | വെട്ടിക്കവല | മൈലം | |
| കോഴിക്കോട് | (10) ഏലത്തൂർ | ചേളന്നൂർ | ചേളന്നൂർ | |
| | (11) കുറ്റ്യാടി | തോടന്നൂർ | തിരുവള്ളൂർ | |
| | (12) വടകര | വടകര | ഏറാമല | |
| കോട്ടയം | (13) ചങ്ങനാശ്ശേരി | മാടപ്പള്ളി | പായിപ്പാട് | |
| കണ്ണൂര് | (14) തലശ്ശേരി | തലശ്ശേരി | ന്യൂമാഹി | |
| പത്തനംതിട്ട | (15) തിരുവല്ല | പുളിക്കീഴ് | കടപ്ര | |

Sabba

സെക്ഷൻ ഓഫീസർ

അനുബന്ധം IV

## 2016-17 ലെ അഗ്രോസർവ്വീസ് സെന്ററുകൾ

| ക്രമ നം. | ജില്ല | അഗ്രോസർവ്വീസ് സെന്റർ | ബ്ലോക്ക് | പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | | ആറ്റിങ്ങൽ | മുദാക്കൽ | ചിറയിൻകീഴ് |
| 2 | കൊല്ലം | | അഞ്ചൽ | ഏരൂർ | പുനലൂർ |
| 3 | ആലപ്പുഴ | | കഞ്ഞിയതോട് | പട്ടണക്കാട് | ചേർത്തല |
| 4 | ഇടുക്കി | | കട്ടപ്പന | ഉപ്പുതറ | പീരുമേട് |
| 5 | കോട്ടയം | | വൈക്കം | തലയാഴം | വൈക്കം |
| 6 | | | കാഞ്ഞിരപ്പള്ളി | കാഞ്ഞിരപ്പള്ളി | പൂഞ്ഞാർ |
| 7 | തൃശ്ശൂർ | | ഒല്ലൂക്കര | ഒല്ലൂക്കര | ഒല്ലൂർ |
| 8 | | | അന്തിക്കാട് | അന്തിക്കാട് | അന്തിക്കാട് |
| 8 | പാലക്കാട് | | ആലത്തൂർ | കാവശ്ശേരി | തരൂർ |
| 10 | കോഴിക്കോട് | | കോക്കൂർ | എലത്തൂർ | തലക്കുളത്തൂർ |
| 11 | കണ്ണൂർ | | തലശ്ശേരി | എരഞ്ഞോളി | തലശ്ശേരി |
| 12 | | | തലശ്ശേരി | വേങ്ങാട് | ധർമ്മടം |
| 13 | കാസർഗോഡ് | | പരപ്പ | കിനാനൂർ കരിന്തളം | കാഞ്ഞങ്ങാട് |

Sabhab

സെക്ഷൻ ഓഫീസർ